പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4004 | 21.6.2019 -ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിൽ കണ്ടക്ടഡ് ടൂർ

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിനോദ സഞ്ചാരികൾക്കായി ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കണ്ടക്ടഡ് ടൂർ സംഘടിപ്പിച്ചിട്ടുണ്ടോ; | എ) | സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് പ്രസ്തുത ടൂർ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) | കെ.ടി.ഡി.സി.യുടെ സെൻട്രൽ റിസർവേഷൻ സെന്ററിൽ നിന്ന് 2 കണ്ടക്ടഡ് ടൂറുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. മാസ്കറ്റ് ഹോട്ടലിൽ നിന്നും പുറപ്പെട്ട് ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, പുത്തൻ മാളിക/കുതിര മാളിക, മൃഗശാല, മ്യൂസിയം, ആർട്ട് ഗ്യാലറി, വള്ളക്കടവിലെ ജൈവ വൈവിധ്യ മ്യൂസിയം, കോവളം എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു ടൂറും പത്മനാഭപുരം പാലസ്, കന്യാകുമാരി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള മറ്റൊരു ടൂറും നടത്തി വരുന്നു. |
| സി) | ഇതിനായി എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്; ഈ സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | തിരുവനന്തപുരത്തെ മേൽപ്പറഞ്ഞ ടൂറുകൾക്കായി 2 ബസ്സുകളാണ് സജ്ജമാക്കിയിട്ടുള്ളത്, നിലവിൽ ലാഭകരമായല്ല പ്രവർത്തിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ